ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 49-ഉം കണ്ണൂർ ജില്ലയിൽ 112-ഉം ലൈൻമാൻ ഗ്രേഡ്-2 ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് വർക്കർമാർക്ക് പ്രൊമോഷൻ നൽകി നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കെ. എസ്. ഇ. ബി.-യിലെ ശമ്പള പരിഷ്ക്കരണ ദീർഘകാല കരാർ

154 [3559] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ എന്നാണ് അവസാനമായി ശമ്പള പരിഷ്ക്കരണ ദീർഘകാല കരാർ നിലവിൽ വന്നത്;

(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥ അനുസരിച്ച് മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിലേക്ക് ഏതെല്ലാം തരത്തിൽ നിയമനം നടത്താമെന്ന് വ്യക്തമാക്കാമോ;

(സി) ഈ കരാർ പ്രകാരം നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(ഡി) പ്രസ്തുത കരാർ പ്രകാരം ഇതുവരെ എത്ര നിയമനം നടത്തിയിട്ടുണ്ട്;

(ഇ) മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിൽ നിയമനം നടത്തുന്നതിന് നിലവിലുള്ള കരാറിലെ വ്യവസ്ഥകൾ മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ദീർഘകാല കരാർ 1-8-1998 മുതൽ പ്രാബല്യത്തിൽ വന്നു.

(ബി & സി) കരാർ അനുസരിച്ച് മീറ്റർ റീഡർ തസ്തികയിൽ 60:40 എന്ന അനുപാതത്തിൽ നേരിട്ടുള്ള നിയമനവും ബോർഡിലുള്ള ജീവനക്കാരിൽ നിന്നും സ്ഥാനക്കയറ്റം നൽകിയിട്ടുള്ള നിയമനവും പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അനുവാദത്തോടുകൂടി പരിഷ്കരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത കരാർ പ്രകാരമുള്ള നിയമനങ്ങൾ ഇതുവരെയും നടത്തിയിട്ടില്ല.

(ഇ) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly